(5) ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. വി. സി. കബീർ : സർ, 1996-ൽ 995 ലക്ഷം രൂപയുടെ ഒരു വാട്ടർ സപ്ലൈ സ്കീം ഒറ്റപ്പാലത്ത് അനുവദിച്ചു. 8 കൊല്ലമായിട്ടും പകുതി വഴിയിലാണ്. ഓവർഹെഡ് ടാങ്കുകളുടെ പണിയും ചെക്ക് ഡാമിന്റെ പണിയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണിയും മെയിൻ പമ്പിംഗ് ലൈനിന്റെ പണിയും പൂർത്തിയായിട്ടില്ല. അതുകൊണ്ട് ഈ വർഷം തന്നെ ഇത് പൂർത്തിയാക്കുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ബഹുമാനപ്പെട്ട വി. സി. കബീർ ഇതിനുമുമ്പും ഈ കാര്യം പറഞ്ഞിട്ടുണ്ട്. ഞാൻ ഈ പ്രോജക്ടുകൾ എല്ലാം റിവ്യൂ ചെയ്തതിനു ശേഷം സ്ഥലം ആവശ്യമായ പ്രോജക്ടുകൾക്ക് സ്ഥലം ലഭ്യമാക്കുവാൻ അഭ്യർത്ഥിച്ചു കൊണ്ട് എം.എൽ.എ.-മാർക്കു നേരിട്ട് ഞാൻ തന്നെ കത്തെഴുതി പല പ്രോജക്ടുകൾക്കും സ്ഥലം കിട്ടണം എന്ന്. ഇതിന് ഇപ്പോൾ വന്നിരിക്കുന്നത് ട്രീറ്റ്മെന്റ് പ്ലാന്റ്, ഓവർഹെഡ് ടാങ്ക് ഇവയുടെ ആവശ്യങ്ങൾക്കുവേണ്ടിയുള്ള സ്ഥലം മുനിസിപ്പാലിറ്റി തരണമെന്ന് പറഞ്ഞിരുന്നു. പക്ഷേ അവർ തന്നില്ല എന്നുള്ള കാര്യം ശ്രീ. വി. സി. കബീറിനും അറിയാം. അങ്ങനെ അവർ തരാതെ വന്നപ്പോൾ ലാൻഡ് വേറെ അക്വയർ ചെയ്യേണ്ടി വന്നു. ലാൻഡ് വേറെ അക്വയർ ചെയ്തപ്പോഴേക്കും ഈ പ്രോജക്ടിന്റെ ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് റാ വാട്ടർ കൊണ്ടുപോകേണ്ട പൈപ്പിന് ഡീവിയേഷൻ വന്നു. അങ്ങനെയൊക്കെ വന്നപ്പോഴേക്കും പ്രോജക്ട് തന്നെ ഇപ്പോൾ ആകെ മാറിയ രൂപത്തിലാണ് നിൽക്കുന്നത്. പഴയ രൂപത്തിലല്ല ഇപ്പോൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നത്. ഞാൻ ഈ വിവരം ബഹുമാനപ്പെട്ട മെമ്പറെ ഒരു കത്തുവഴി അറിയിച്ചിരുന്നു. എന്നാലും അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള പദ്ധതിയിൽ നിന്നും പദ്ധതിയുടെ പരിധിയിൽ വരുന്ന ഭാഗങ്ങളിൽ റഗുലേറ്റ് ചെയ്ത് വെള്ളം എത്തിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എങ്ങനെയെങ്കിലും ബാക്കിയുള്ള പണികൾ കൂടി ആരംഭിച്ച് 2005 ഡിസംബറിൽ വിപുലീകരണ പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(6) വയനാട് ജില്ലയിലെ ബസ് അപകടങ്ങളിൽ മരിച്ചവരുടെ കുടുംബത്തിനും പരിക്കേറ്റവർക്കും ധനസഹായം

ശ്രീമതി രാധാരാഘവൻ : സർ, പനമരത്ത് 2004 ജനുവരിയിൽ ഉണ്ടായ സ്വകാര്യ ബസ്സപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് 10,000 രൂപ വീതവും പരിക്കേറ്റവർക്ക് 3000 രൂപ വീതവും ആണ് അടിയന്തിര ധനസഹായം

LIBRARY ARCHIVES Kerala Legislative Assembly

നൽകിയത്. എന്നാൽ ഈ തുക തീരെ അപര്യാപ്തമാണ്. മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് 50,000 രൂപ വീതവും പരിക്കേറ്റവർക്ക് 25,000 രൂപ വീതവും ധനസഹായം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. ബസ് അപകടം നടന്ന റോഡിന്റെ ഇരുവശവും പാർശ്വഭിത്തി കെട്ടി റോഡിന് വീതി കൂട്ടണം. 2003 ഫെബ്രുവരി 5-ാം തീയതി വാടാനപ്പള്ളിയിൽ നടന്ന ബസ് അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ആയിരം രൂപയാണ് കൊടുത്തത്. ആ അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കും 50,000 രൂപ വീതവും പരിക്കേറ്റവർക്ക് 25,000 രൂപ വീതവും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, വയനാട് ജില്ലയിലെ പനമരത്ത് മരിച്ചവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും താൽക്കാലികാശ്വാസം നൽകിയിട്ടുണ്ട്. അപകട മരണത്തിൽപ്പെട്ടവരുടെ കുടുംബങ്ങളുടെ വാർഷിക വരുമാനം 20,000 രൂപയിൽ കുറവാണെങ്കിൽ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രായപൂർത്തിയായവർ മരിച്ചാൽ 30,000 രൂപയും കുട്ടികളാണെങ്കിൽ 10,000 രൂപയും നൽകുന്നുണ്ട്. ഇതിനാവശ്യമായ രേഖകൾ സഹിതം വില്ലേജ് ഓഫീസർ മുഖേന പരാതി നൽകിയാൽ ഉടൻതന്നെ തീരുമാനം എടുക്കുന്നതാണ്.

IV റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ 17-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ കാര്യോപദേശക സമിതിയുടെ 17-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 53 മുതൽ 65 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 53 മുതൽ 65 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ 17-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, കാര്യോപദേശക സമിതിയുടെ 17-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly